# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നംമ്പർ : 467/11/12/2025/ TVM**

പരാതികക്ഷി : രഘുവരൻ,വടക്കേക്കര പുത്തൻവീട്,
ആലത്തൂർ,ആനാവൂർ,തിരുനന്തപുരം,

എതിർകക്ഷികൾ

**ഉത്തരവ് തീയതി 06.11.2025**

പരാതികക്ഷിയുടെ വീടിനു മുകളിൽ താമസിക്കുന്ന ജയകുമാർ എന്നയാളിന്റെ വീട്ടിൽ നിന്നുള്ള മലിനജലം ഹർജികക്ഷിയുടെ ഭൂമിയിലേക്ക് ഒഴുക്കി വിടുന്നതായും ആയതിന്റെ ഫലമായി കിണർ വെള്ളം മലിനപ്പെട്ടു എന്നും മറ്റുമാണ് പരാതി വിഷയം.

2. പരാതി വിഷയത്തിൽ പെരുങ്കടവിള ഗ്രാമപഞ്ചായത്ത് സെക്രട്ടറി 22.02.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു. പരാതിയിൽ സ്ഥല പരിശോധന നടത്തിയതിൽ പരാതിക്കാരന്റെ വീട്ടിലേക്ക് പോകുന്നതിനുള്ള നടവഴിയിൽ എതിർകക്ഷിയായ ജയകുമാർ ചുറ്റമതിലിന്റെ അടിഭാഗത്ത് കൂടി വീടിനു മുറ്റത്തുള്ള വെള്ളം ഒഴുകി പോകുവാൻ രണ്ട് പൈപ്പ് ഹോൾ സ്ഥാപിച്ചിട്ടുണ്ടെന്നും, കൂടാതെ എതിർകക്ഷിയുടെ അടുക്കളയിലെ പാത്രങ്ങൾ വൃത്തിയാക്കുന്ന മലിന വെള്ളം പരാതികക്ഷിയുടെ വഴിയിലൂടെ ഒഴുകുന്നുണ്ടെന്നും, ഇതു സംബന്ധിച്ച് എതിർകക്ഷിയോട് നേരിട്ട് രണ്ട് ഹോളുകളും അടക്കുവാനും മുറ്റത്തെ വെള്ളം സോക്ക് പിറ്റ് നിർമ്മിച്ച് മുറ്റത്തു തന്നെ സംഭരിക്കുവാനും നിർദ്ദേശം നൽകിയെങ്കിലും ടിയാൻ ആയത് ചെയ്തിട്ടില്ല എന്നും തുടർന്ന് എതിർകക്ഷിക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു.

3. പരാതി പരിഗണനയ്ക്കെടുത്ത 06.11.2025 തീയതി ഹർജികക്ഷി ഹാജരായി നാളിതുവരെ പരാതിക്ക് പരിഹാരം ഉണ്ടായിട്ടില്ല എന്ന് അറിയിച്ചു. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇരുകക്ഷികൾക്കും നോട്ടീസ് കൊടുത്ത ശേഷം അവരെ കേട്ടും സ്ഥലപരിശോധന നടത്തിയും പരാതി പരിഹരിക്കുന്നതിന് ആവശ്യമായ കർശന നിർദ്ദേശങ്ങൾ എതിർകക്ഷിക്ക് നൽകേണ്ടതാണെന്ന നിർദ്ദേശത്തോട് കൂടി ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് പെരുങ്കടവിള ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

// ശരിപകർപ്പ് //

രജിസ്ട്രാർ